"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജയിലുകൾ - ശ്രീമതി.നസീഫ.യു., ക്ലാർക്ക്, സെൻട്രൽ ജയിൽ&കറക്ഷണൽ ഹോം,തവനൂർ— ജോലിക്രമീകരണം അനുവദിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2088/2025/HOME തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി) 05/2013/ഉ.ഭ.പ.വ. തീയതി 06/02/2013.
2. മലപ്പുറം ജില്ലാ പി.എസ്.സി.ഓഫീസറുടെ 27.01.2023 തീയതിയിലെ എം.ആർ1-1/1/2021-23 നമ്പർ നിയമന ശിപാർശ.
3. ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 17.02.2023 തീയതിയിലെ ഇ1-5747/2022/പി.ആർ.എച്ച്.ക്യൂ നമ്പർ ഉത്തരവ്.
4. ശ്രീമതി. സുബൈദ.എ സമർപ്പിച്ച 18.06.2024 തീയതിയിലെ നിവേദനം.
5. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 23.08.2024 തീയതിയിലെ ഇ1-23459/2024/പി.ആർ.എച്ച്.ക്യൂ നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.01.2025 തീയതിയിലെ ഡി.ജി.ഇ/24563/2024-സി3 നമ്പർ കത്ത്.
7. മലപ്പുറം ജില്ലാ കളക്ടറുടെ 16.04.2025- തീയതിയിലെ ഡ്.സി.എം.പി.എം/3547/2025-എ4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തവനൂർ സെൻട്രൽ ജയിലിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.നസീഫ.യു.-ന് വലത് കൈത്തണ്ടയിലെ അസ്ഥിയിൽ ട്യൂമർ ബാധിച്ചതിനെത്തുടർന്ന് ചികിത്സയിലായതിനാൽ മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട്, മാതാവ് ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ മുഖേന പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. 2019 ഡിസംബറിൽ വലത് കൈത്തണ്ടയിലെ അസ്ഥിയിൽ ട്യൂമർ ബാധിച്ചതിനെത്തുടർന്ന് തൃശ്ശൂർ അമല ക്യാൻസർ സെന്ററിൽ വെച്ച് സർജറിയിലൂടെ ഈ ഭാഗം നീക്കം ചെയ്തിരുന്നുവെന്നും പകരം വെച്ച അസ്ഥി യോജിക്കാത്തതിനാൽ സ്റ്റീൽ കമ്പിയാൽ കൂട്ടി യോജിപ്പിച്ചിരിക്കുകയായിരുന്നുവെന്നും ഈ സ്റ്റീൽ കമ്പി 25.10.2023-ന് ഒടിയുകയും 26.10.2023-ന് തൃശ്ശൂർ അമല ക്യാൻസർ സെൻററിൽ വെച്ച് വീണ്ടും ഒരു സർജറിയിലൂടെ സ്റ്റീൽ കമ്പിയാൽ കൂട്ടി

യോജിപ്പിച്ചുവെന്നും രണ്ടു തവണ സർജറി ചെയ്തതിനു ശേഷവും എല്ലുകൾ യോജിക്കാതെ നിൽക്കുന്ന അവസ്ഥയാണ് ഇപ്പോഴുമുള്ളതെന്നും ഇനിയും ഈ ഭാഗം ഒടിയാനുള്ള സാധ്യത നിലനിൽക്കുന്നതിനാൽ ബസ് യാത്ര ഉൾപ്പെടെയുള്ള തിരക്കുള്ള യാത്രകളും ഒഴിവാക്കേണ്ടതുണ്ടെന്നും നിലവിൽ ജോലി ചെയ്തു വരുന്ന തവനൂരിലെ സ്ഥാപനം വീട്ടിൽ നിന്ന് 65 കിലോമീറ്റർ അകലെയാണെന്നും ശ്രീമതി.നസീഫയ്ക്ക് ഒരു വയസ്സുള്ള ഒരു പെൺകുട്ടിയും, ആറ്, പതിനൊന്ന് വയസ് പ്രായമുള്ള രണ്ട് ആൺകുട്ടികളുമുണ്ടെന്നും ജയിൽ വകുപ്പിൽ വീടിനടുത്തേക്ക് സ്ഥലം മാറ്റം കിട്ടുന്നതിനുള്ള സാധ്യത ഇല്ലായെന്ന് ജയിൽ വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ കുടുംബ സാഹചര്യവും അസുഖത്തെ തുടർന്നുള്ള പ്രയാസങ്ങളും തുടർ ചികിത്സയുടെ ആവശ്യകതയും കണക്കിലെടുത്ത് വീടിന് സമീപത്തേക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കണമെന്നുമാണ് മാതാവ് അപേക്ഷിച്ചിട്ടുള്ളത്.

3. ശ്രീമതി നസീഫ യു. പരാമർശം (2) നിയമന ശിപാർശയുടേയും പരാമർശം (3) നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 25.02.2023 തീയതിയിൽ തവനൂർ സെൻട്രൽ ജയിലിൽ ജോലിയിൽ പ്രവേശിച്ചു. ജില്ലാ തല ഒഴിവിലാണ് തവനൂർ സെൻട്രൽ ജയിലിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളത്. ജില്ലാ തല ഒഴിവിൽ നിയമനം ലഭിച്ചവർക്ക് വകുപ്പുതല സ്ഥലം മാറ്റത്തിന് അഞ്ച് വർഷ കാലാവധി പൂർത്തിയാക്കേണ്ടതുണ്ട് എന്നതിനാൽ ശ്രീമതി നസീഫയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം നൽകുന്നതിനായി പ്രത്യേക അനുമതിയ്ക്കായി അപേക്ഷ ജയിൽ വകുപ്പ് മേധാവി പരാമർശം (5) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

4. പൊതുവിദ്യാഭ്യാസ വകുപ്പിൽ മലപ്പുറം ജില്ലയിൽ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ക്ലാർക്ക് തസ്തികയിൽ നിലവിൽ ഒഴിവ് ലഭ്യമല്ലെന്നും ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നിലവിൽ 6 ജീവനക്കാർ അപേക്ഷിച്ചിട്ടുണ്ടെന്നും പരാമർശം (6) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5. ശ്രീമതി. നസീഫ യു.-ന് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിനായി ലാൻഡ് റവന്യൂ വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ സ്ഥലം മാറ്റത്തിനായി നീക്കി വെച്ച ഒഴിവുകളൊന്നും നിലവിലില്ലെന്നും അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ഒഴിവുകളൊന്നും നിലവിലില്ലെന്ന് ജില്ലയിലെ വിവിധ വകുപ്പുകളിലെ ജില്ലാ ഓഫീസർമാർ അറിയിച്ചിട്ടുള്ളതായും ശ്രീമതി. നസീഫ യു. മെഡിക്കൽ പശ്ചാത്തലത്തിലുള്ള അനുകമ്പ അർഹിക്കുന്നയാളാണെന്നും ഇക്കാര്യം പരിശോധിച്ച് സർക്കാർ തലത്തിൽ അനുകമ്പാർഹമായ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. നസീഫ യു.-ന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, ഈ ഉദ്യോഗസ്ഥയെ ജോലിക്രമീകരണ വ്യവസ്ഥയിൽ പെരിന്തൽമണ്ണ സബ്ജയിലിൽ ഒരു വർഷക്കാലത്തേക്ക് താൽക്കാലികമായി നിയമനം നൽകുന്നതിന് ജയിൽ വകുപ്പ് മേധാവിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

7. ശ്രീമതി. നസീഫ യു.-ന്റെ അസുഖവും തുടർചികിത്സയും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി, ക്ലാർക്ക് തസ്തികയിൽ മലപ്പുറം ജില്ലയിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ അന്തർജില്ല / അന്തർ വകുപ്പു സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ ആവശ്യമായ തുടർനടപടികൾ ജയിൽ വകുപ്പ് മേധാവി ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബീന പി.എസ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ ജനറൽ,പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
സൂപ്രണ്ട്, സബ് ജയിൽ , പെരിന്തൽമണ്ണ, മലപ്പുറം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. നസീഫ യു ( പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

Signed by
Kavitha S
Date: 21-06-2025 12:40:09
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.